**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 680.** **30.06.2016 ന് മറുപടിയ്ക്ക്**

**മദ്യനയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.സത്യൻ<br>,, എം. സ്വരാജ്<br>,, വി. ജോയി<br>ശ്രീമതി.പി. അയിഷാ പോറ്റി : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യനയത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികളുടെ എണ്ണം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ബാർ ഹോട്ടലുകളിൽ 7110 രജിസ്റ്റേർഡ് തൊഴിലാളികൾ ഉണ്ടായിരുന്നു. |
| (ബി) | ഇവരുടെ പുനരധിവാസത്തിനായി മുൻ സർക്കാർ ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; എത്ര പേരെ പുനരധിവസിപ്പിച്ചുവെന്ന് അറിയിക്കുമോ; | (ബി) & (സി) | യു.ഡി.എഫ്. സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി, ബാർ ഹോട്ടലുകളിൽ ഉണ്ടായിരുന്ന തൊഴിലാളികൾക്ക് ജോലി നൽകണമെന്ന വ്യവസ്ഥയിന്മേലാണ് ഇത്തരം ഹോട്ടലുകൾ ബാർ ലൈസൻസിന്റെ തുടർച്ചയെന്നോണം ബിയർ ആന്റ് വൈൻ പാർലർ ലൈസൻസുകൾ ആക്കി മാറ്റിയത്. തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളെയും മദ്യാസക്തിക്ക് അടിമപ്പെട്ടവരെയും പുനരധിവസിപ്പിക്കുന്നതിന് ആവിഷ്കരിച്ച "പുനർജനി 2030" എന്ന പദ്ധതിയിലൂടെ സമാഹരിച്ച തുകയിൽ നിന്നും ഓരോ തൊഴിലാളികൾക്കും ഇടക്കാല സമാശ്വാസമായി ആദ്യ ഗഡുവായി 5,000/- രൂപ വീതവും, (ആകെ രൂപ 2,92,55,000/-) രണ്ടാം ഗഡുവായി 10,000/- രൂപ വീതവും (ആകെ രൂപ 5,80,90,000/-), തൊഴിൽ നഷ്ടപ്പെട്ടത് മൂലം ആത്മഹത്യ ചെയ്ത 3 തൊഴി |
| (സി) | പുനരധിവാസത്തിനായി മദ്യത്തിനുമേൽ ചുമത്തിയ സെസ് ആയി എത്ര രൂപ സമാഹരിച്ചു;അതിൽ എത്ര തുക പുനരധിവാസത്തിനായി വിനിയോഗിച്ചു; തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാനായി എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിരുന്നത്; | | |

| | | | |
|---|---|---|---|
| | | | ലാളികളുടെ ആശ്രിതർക്ക് 2,00,000/- രൂപ വീതവും (ആകെ രൂപ 6,00,000/-) നൽകിയിട്ടുണ്ട്. പുനരധിവാസത്തിനായി മദ്യത്തിനുമേൽ ചുമത്തിയ 5% സെസ്സ് ഇനത്തിൽ 2014 ഒക്ടോബർ മാസം മുതൽ 2016 മെയ് മാസം വരെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ 472.53 കോടി രൂപ സമാഹരിച്ചിട്ടുള്ളതും, ടി തുക വാണിജ്യ നികുതി വകുപ്പിലേക്ക് ഒടുക്കിയിട്ടുള്ളതുമാണ്. പുനരധിവാസ ത്തിനായി എത്ര രൂപ വേണ്ടി വരുമെന്ന് കണക്കെടുത്തിട്ടില്ല. |
| (ഡി) | തൊഴിൽ നഷ്ടപ്പെട്ട മുഴുവൻ ബാർ തൊഴിലാളികളെയും പുനരധിവസിപ്പി ക്കാനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കുമോ? | (ഡി) | പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**